## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ** **30.11.2018-ൽ മറുപടിയ്ക്ക്.**

**ചോദ്യം നമ്പർ 923**

## ലിഡ ജേക്കബ് കമ്മീഷൻ റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.ജെ.ജോസഫ്**<br>**ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.സി.എഫ്.തോമസ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ച ലിഡ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പ്രധാന ശുപാർശകളുടെ മലയാളം പരിഭാഷ ഇതോടൊപ്പം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) പ്രസ്തുത റിപ്പോർട്ടിൽ മിൽമ ഉടച്ചുവാർക്കണമെന്ന് നിർദ്ദേശമുണ്ടോ; ക്ഷീരമേഖലയിലെ പ്രശ്നങ്ങൾക്ക് എന്തെല്ലാം പരിഹാരമാണ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്; | (ബി) സംസ്ഥാനത്ത് നിലവിലുള്ള ത്രിതല ക്ഷീരസഹകരണ സംവിധാനം നിലനിർത്തിക്കൊണ്ട് മേഖലാ യൂണിയനുകളുടെ എണ്ണം മൂന്നിൽ നിന്നും രണ്ടാക്കി കുറയ്ക്കുന്നതിനും എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളെ സംയോജിപ്പിച്ച് കൊണ്ട് പുനഃസംഘടിപ്പിക്കണമെന്ന് കമ്മറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ക്ഷീരമേഖല കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകളുടെ മലയാള പരിഭാഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി) ഇതിന്റെ അടിസ്ഥാനത്തിൽ മേഖല യൂണിയനുകളും തെരഞ്ഞെടുപ്പും ഭരണവും ഏത് രീതിയിലായിരിക്കണമെന്നാണ് വിവക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും ഭരണസമിതിയംഗങ്ങളുടെ തിരഞ്ഞെടുപ്പ് കൂടുതൽ ജനാധിപത്യപരവും എല്ലാ മേഖലകളിലെയും കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ അതാത് ജില്ലകളിലെ അംഗങ്ങൾ ചേർന്ന് ബന്ധപ്പെട്ട ജില്ലകളിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന വിധമായിരിക്കണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം II

കേരളത്തിലെ ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീമതി.ലിഡാ ജേക്കബ്.IAS,(റിട്ടയേർഡ്) ചെയർപേഴ്സൺ ആയിട്ടുള്ള കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു.

1. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സഹകരണ മേഖലയിലൂടെയുള്ള പാൽ സംഭരണവും വിതരണവും കുറവായ സാഹചര്യത്തിൽ നിലവിലുള്ള രീതിയിൽ വിപുലമായ ത്രിതല സംവിധാനത്തിന്റെ ആവശ്യകതയില്ലായെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടു. എന്നാൽ ത്രിതല സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടുള്ള സംസ്ഥാനങ്ങളിൽ ക്ഷീര സഹകരണ മേഖലയ്ക്കുണ്ടായ തകർച്ച കൂടി പരിഗണിച്ചു കൊണ്ടും, ഇതര സംസ്ഥാനങ്ങളിലെ യൂണിയനുകൾ കേരളത്തിലെ മൊത്തം സംഭരണത്തെക്കാൾ കൂടുതൽ പാൽ കൈകാര്യം ചെയ്യുന്നുണ്ട് എന്നത് പരിഗണിച്ചും പാൽ സംഭരണ വിതരണ രംഗത്ത് യൂണിയനുകൾ തമ്മിലുള്ള കടുത്ത അന്തരം നില നിൽക്കുന്നത് കണക്കിലെടുത്തും ഈ രംഗത്ത് പിന്നോക്കം നിൽക്കുന്ന യൂണിയനുകളെ വിപണിയിലെ മൽസരത്തിന് സജ്ജമാക്കുന്നതിനുമായി കേരളത്തിൽ നിലവിലുള്ള ത്രിതല ക്ഷീര സഹകരണ സംവിധാനം നിലനിർത്തിക്കൊണ്ട് മേഖലാ യൂണിയനുകളുടെ എണ്ണം 3-ൽ നിന്നും 2-ആക്കി കുറയ്ക്കുന്നതിനും എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളെ സംയോജിപ്പിച്ചു കൊണ്ട് പുന:സംഘടന നടത്തുന്നതിനും സമിതി ശുപാർശ ചെയ്തിരിക്കുന്നു.
2. മേഖലാ യൂണിയനുകളിലെ നിയമനങ്ങൾ സുതാര്യമായും അഴിമതി രഹിതവും ആയി നടത്തുന്നുവെന്ന് ഉറപ്പാക്കുന്നതിനായി KCMMF –ലെ പോലെ മേഖലാ യൂണിയനുകളിലെ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.
3. നിലവിലുള്ള സാങ്കേതിക-വിദഗ്ദ്ധരുടെയും, പ്രൊഫഷണലുകളുടെയും സേവനം ഫലപ്രദമായി വിനിയോഗിക്കത്തക്ക രീതിയിൽ - ഫെഡറേഷ ന്റെയും, മേഖലാ യൂണിയനുകളുടെയും കീഴിലുള്ള അസിസ്റ്റന്റ് മാനേജർ മുതൽ മുകളിലേയ്ക്കുള്ള - ജീവനക്കാരുടെ - കോമൺ കേഡർ സംവിധാനം കൊണ്ടു വരുന്നതിന് സമിതി ശുപാർശ ചെയ്തിരിക്കുന്നു. ഇതര സംസ്ഥാനങ്ങളിൽ (KMF, GCMMF) കോമൺ കേഡർ സംവിധാനമാണ് പിന്തുടരുന്നത്.
4. മേഖലായൂണിയനുകളുടെയും ഫെഡറേഷന്റെയും, ഉൽപ്പാദനശേഷി, വിനിയോഗം, കാര്യക്ഷമത, പ്രവർത്തനങ്ങൾ എന്നിവ അമുൽ, GCMMF നിലവാരത്തിലേയ്ക്ക് ഉയർത്തതക്കവിധം സമയബന്ധിത ലക്ഷ്യം നിശ്ചയിച്ച് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. ആയതിലേയ്ക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ, പ്രൊഫോർമസ് ഓഡിറ്റ്, ടെക്നിക്കൽ ഓഡിറ്റ് എന്നിവ നിശ്ചിത ഇടവേളകളിൽ നടത്തുന്നതിനും ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ 5 വർഷത്തെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് വിശദമായ ധനകാര്യ വിശകലനം നടത്തുന്നതിനും ശുപാർശ ചെയ്യുന്നു. അതോടൊപ്പം കോമൺ സോഫ്റ്റ് വെയർ ഉപയോഗിച്ചുകൊണ്ട് പൊതു അക്കൗണ്ടിംഗ് സംവിധാനവും ടി സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ടതാണ്.
5. മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും ഭരണസമിതിയംഗ ങ്ങളുടെ തിരഞ്ഞെടുപ്പ് കൂടുതൽ ജനാധിപത്യപരവും, എല്ലാ മേഖലകളിലെയും കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ അതാത് ജില്ലകളിയെ അംഗങ്ങൾ ചേർന്ന് ബന്ധപ്പെട്ട ജില്ലകളിലെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നവിധം നിയമാവലിയിലും, നിയമങ്ങളിലും ഭേദഗതി വരുത്തുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഭരണ സമിതിയിൽ ഊർജ്ജസ്വലതയുള്ള പുതുമുഖങ്ങൾ കടന്നുവരുന്നത് ഉറപ്പാക്കുന്നതിന് ഭരണ സമിതിയംഗങ്ങൾക്ക് പരമാവധി 3 തവണ (3 term) മാത്രമെ തുടരാനാവൂ എന്ന വ്യവസ്ഥ നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്തിട്ടുണ്ട്.
6. പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾ മേഖലായൂണിയനുകളിൽ എടുക്കുന്ന ഓഹരി കൾക്ക് മതിയായ ഡിവിഡന്റ് (വരുമാനം) ലഭിക്കാത്ത സാഹചര്യത്തിൽ പാൽവില ഇൻസെന്റീവ്/അധിക പാൽ വില എന്നിവ അനുവദിക്കുമ്പോൾ നിർബന്ധിതമായി അധിക ഓഹരി നൽകുന്നതിന് പകരമായി സംഘങ്ങൾക്ക് കൃത്യമായി വരുമാനം ഉറപ്പാക്കുന്ന ഡിപ്പോസിറ്റ് സ്കീമുകൾക്ക് രൂപം നൽകുന്നതിനും ഇത്തരത്തിൽ ലഭ്യമാകുന്ന തുക പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സെക്ഷൻ 80 പ്രകാരം ശമ്പളം നൽകുന്നതിനുള്ള ഫണ്ടായി പരിഗണിക്കാമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. (ഇതര സംസ്ഥാനങ്ങളിൽ ഈ രീതി പ്രാവർത്തികമാക്കിയിട്ടുണ്ട്.)

7. ക്ഷീര സഹകരണസംഘങ്ങളുടെ അറ്റലാഭ വിഭജനരീതിയിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ക്ഷീരകർഷകർക്കും സംഘങ്ങൾക്കും കൂടുതൽ ഗുണപ്രദമാക്കണം. ഇതിനായി അറ്റലാഭ ത്തിന്റെ 10% തുക മെമ്പർ റിലീഫ് ഫണ്ട് ആയി നിക്ഷേപിക്കുന്നത് ഡയറി രജിസ്ട്രാറിന്റെ നിയന്ത്രണത്തിൽ ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ച് കർഷകരുടെയും കുടുംബാംഗങ്ങളുടെയും ക്ഷേമത്തിനായി വിനിയോഗിക്കുന്നതിന് നടപടികൾക്ക് ശുപാർശ ചെയ്യുന്നു. കൂടാതെ കരുതൽ ധനം, സഹകരണ പ്രചരണ നിധി, വിദ്യാഭ്യാസ ഫണ്ട്, പ്രൊഫഷണൽ വിദ്യാഭ്യാസ ഫണ്ട് എന്ന നിലകളിൽ മാറ്റിവയ്ക്കപ്പെടുന്ന തുകകൾ സമാഹരിച്ച് ക്ഷീരസഹകരണ സംഘങ്ങൾക്കും മെമ്പർമാർക്കും സാമ്പത്തിക സഹായത്തിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സമിതി സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നു.
8. ഫെഡറേഷനിലെയും മേഖലായൂണിയനുകളിലെയും R & D വിഭാഗത്തെ സമ്പൂർണ്ണമായി പുന:സംഘടന നടത്തിക്കൊണ്ട് ആവശ്യമായ സാങ്കേതിക വിദഗ്ധരെയും പ്രൊഫഷണലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും വിപണനതന്ത്രങ്ങൾക്കും രൂപം കൊടുക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.
9. ഫെഡറേഷന്റെ കീഴിലുള്ള പ്രോഗ്രാമിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിക്കൊണ്ട്, (1) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിനും (2) പുതിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചുകൊണ്ട് പുതിയ മാർക്കറ്റിംഗ് മേഖലകൾ കണ്ടെത്തുന്നതിനും (3) ഉല്പാദന രീതികളും, ഗുണമേന്മാ നിബന്ധനകളും ഏകോപിപ്പിക്കുന്നതിനും നടപടികൾക്ക് സമിതി ശുപാർശ നൽകുന്നു.
10. ക്ഷീര സഹകരണ സംഘങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിനും, നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാരെ നിയമിച്ച് സെക്ഷൻ 80 പ്രകാരം ശമ്പളം നൽകുന്നതിനുമായി സംഘങ്ങൾക്ക് ലഭിക്കുന്ന മാർജിൻ മിനിമം 6% എങ്കിലും ആക്കി ഉയർത്തണമെന്നും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.
11. 3 വർഷത്തിലധികമായി ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ നൽകാത്ത അംഗങ്ങളെ അംഗത്വത്തിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി എടുക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. വർഷങ്ങളായി വിവിധ സംഘങ്ങളിൽ സജീവമല്ലാത്ത അംഗങ്ങൾ തുടരുന്നത് സംഘങ്ങളിലെ ജോലിഭാരം വർദ്ധിക്കുന്നതിന് കാരണമാകുന്നതാണ്.
12. ക്ഷീരവികസന വകുപ്പ് മുഖേനയുള്ള പാൽഗുണ നിയന്ത്രണ പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് കേരളത്തിന് പുറമെ നിന്ന് പാലിന്റെ ഗുണമേന്മാ പരിശോധന - ശക്തിപ്പെടുത്തുന്നതിനും, വകുപ്പിന് FSSA പ്രകാരമുള്ള നിയമപരമായ അധികാരങ്ങൾ നൽകുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.
13. ഫാമുകൾക്ക് ലൈസൻസിനുള്ള പരിധി 5-ൽ നിന്ന് 10 പശുക്കൾ എന്നാക്കി ഉയർത്തുന്നതിനും, ലൈസൻസിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, ഗ്രീൻചാനൽ ക്രമീകരണങ്ങളും, കർഷകരുടെ പരാതി പരിഹാരത്തിനായി അപ്പലേറ്റ് കമ്മറ്റികളും രൂപീകരിക്കുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്.
14. കൃത്രിമ ബീജധാനത്തിനുള്ള സൌകര്യങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ (Doorstep) ലഭ്യമാക്കുന്നതിനും ഇതിനായി അർഹതയുള്ള ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് പരിശീലനം നൽകി ക്ഷീരസഹകരണ സംഘങ്ങളിലൂടെ കൃത്രിമബീജാധാനത്തിലുള്ള സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ തരിശായി കിടക്കുന്നതും കൃഷിയില്ലാത്തതുമായ സ്ഥലങ്ങൾ കണ്ടെത്തി കുടുംബശ്രീ/LSGD/DCS എന്നിവരുടെ സഹകരണത്തോടെ സമഗ്ര-തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനും, സംസ്ഥാനത്ത് ഉണ്ടാകുന്ന എല്ലാ കന്നുകുട്ടികളെയും SLBP പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനും സമിതി ശുപാർശ ചെയ്തിട്ടുണ്ട്. കറവമാടുകൾക്കും, അതിന്റെ ഉടമസ്ഥർക്കുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരസഹകരണസംഘങ്ങളിലെ സമയബന്ധിത ഓഡിറ്റ്, ഓഡിറ്റ് ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണം, ക്ഷീര സഹകരണ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ് വെയർ ഉപയോഗിക്കുക തുടങ്ങിയ ശുപാർശകളും സമിതിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുന്നു.

സെക്ഷൻ ഓഫീസർ